**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - മലപ്പുറം ജില്ലാപഞ്ചായത്ത് - മലപ്പുറം ജില്ലാപഞ്ചായത്ത് 2018-19 വാർഷിക പദ്ധതി - ആലങ്കോട് പഞ്ചായത്തിലെ കോൾ പാടങ്ങൾക്ക് പമ്പ് സെറ്റും പമ്പ് ഹൗസും സ്ഥാപിക്കൽ - പ്രോജക്റ്റ് നം.911/19 - നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=============================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ(സാ.ധാ)നം.2894/2018/തസ്വഭവ തിരുവനന്തപുരം, തീയതി,13.11.2018**

=============================================================

പരാമർശം:- 1) മലപ്പുറം ജില്ലാകളക്ടറുടെ 26/07/2018 തീയതിയിലെ 400/2018-19/ഡിപിസി/ഡിപിഒ/എംപിഎം നമ്പർ കത്ത്.

2) സംസ്ഥാന തല വികേന്ദ്രികൃത ആസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018 തീയതിയിലെ തീരുമാനം നമ്പർ 4.4

**ഉത്തരവ്**

മലപ്പുറം ജില്ലാ പഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ 30,00,000/- രൂപ വകയിരുത്തി (പ്രോജക്റ്റ് നം 911/19) ആലങ്കോട് ഗ്രാമപഞ്ചായത്തിലെ കോലത്തുംപാടം, പെരുമുക്ക്, മുത്തൂർ പാടം, പട്ടിശ്ശേരി, ചിയ്യാന്നൂർ, തിരുത്തുമ്മൽ കോൾപടവ്, നിലയിൽ കോൾപടവ്, നന്നക്കടവ്, കോൾപടവ്, പഴംചിറ കോൾപടവ് എന്നീ കോൾ നിലങ്ങളിൽ പമ്പ് സെറ്റും പമ്പ് ഹൗസും സ്ഥാപിക്കൽ എന്ന പ്രോജക്റ്റ് ഏറ്റെടുത്തിരുന്നു .

2. മലപ്പുറം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ ഓരോ പമ്പ് ഹൗസും ഓരോ യൂണിറ്റായി കണക്കാക്കി 3 മുതൽ 7 ലക്ഷം രൂപ വരെ വരുന്ന എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിരുന്നത് എന്നും എന്നാൽ നിലവിലെ മാർഗ്ഗരേഖ പ്രകാരം ജില്ലാ പഞ്ചായത്തുകൾ പത്ത് ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കുവാൻ സാധിക്കാത്തതിനാൽ ടി പ്രോജക്റ്റുകൾക്ക് വെറ്റിംഗ് ലഭിച്ചിട്ടില്ലെന്നും ആയതിനാൽ, പമ്പ് ഹൗസ് നിർമ്മിക്കലും പമ്പ് സെറ്റ് സ്ഥാപിക്കലും വിവിധ പ്രോജക്റ്റുകളായി നടപ്പിലാക്കുന്നതിന് പകരം ഒരൊറ്റ പ്രോജക്റ്റായി നടപ്പിലാക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കണമെന്നും മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നത് പരാമർശം (1) പ്രകാരം മലപ്പുറം ജില്ലാകളക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

3. ഇക്കാര്യം 13-8-2018 തീയതിയിലെ സംസ്ഥാനതല വികേന്ദ്രീകൃത ആസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. പരാമർശം (2) ന്റെ അടിസ്ഥാനത്തിൽ യൂണിറ്റ് ചെലവ് 10.00 ലക്ഷം രൂപയിൽ താഴെയാണെങ്കിലും ഓരോ യൂണിറ്റിനും ഓരോ എസ്റ്റിമേറ്റായതിനാൽ

പ്രത്യേക പ്രോജക്ടായി നടപ്പാക്കണം എന്ന നിബന്ധനയോടെ നടപ്പിലാക്കാൻ അനുമതി നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, മലപ്പുറം

ജില്ലാകളക്ടർ, മലപ്പുറം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ